**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2057** **09-12-2022 - ൽ മറുപടിയ്ക്ക്**

**നിർധനർക്ക് ചികിത്സാ സഹായം-മെഡിക്കൽ ബോർഡ് മീറ്റിങ്ങുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നിർധനരായ രോഗികൾക്ക് ചികിത്സാ സഹായം നൽകുന്നതിന് സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പാക്കുന്ന വിവിധ പദ്ധതികളിൽ അപേക്ഷിക്കുന്നവർക്ക് ആയത് ലഭ്യമാക്കുന്നതിന്റെ ഭാഗമായിട്ടുള്ള മെഡിക്കൽ ബോർഡ് മീറ്റിങ്ങുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ? | (എ) | **സാമൂഹ്യ സുരക്ഷാ മിഷന്റെ വിവിധ പദ്ധതികളായ വീ കെയർ, മിഠായി, ശ്രുതിതരംഗം എന്നിവയിൽ ലഭിക്കുന്ന അപേക്ഷകൾ മെഡിക്കൽ എക്സ്പേർട്ട് കമ്മിറ്റി, സ്റ്റേറ്റ് ടെക്നിക്കൽ കമ്മിറ്റി എന്നീ ഉന്നതതല സമിതികളുടെ പരിശോധനക്കും, തീരുമാനങ്ങൾക്കും വിധേയമായാണ് ചികിത്സാ സഹായം അനുവദിക്കുന്നത്. മീറ്റിംഗുകളുടെ എണ്ണം ക്ലിപ്തപ്പെടുത്തിയിട്ടില്ല. അടിയന്തര സാഹചര്യങ്ങളിൽ പ്രസ്തുത കമ്മിറ്റികൾ വിളിച്ച് ചേർക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ